# ഡോ. എ. ലക്ഷ്മണസ്വാമി മുതലിയാർ

## എൻ. വി. കൃഷ്ണവാരിയർ

സർവ്വകലാശാലയുടെ വൈസ് ചാൻസലർ സ്ഥാനം ഇന്നത്തെപ്പോലെ അത്രയേറെ ആപൽക്കരമായിത്തീർന്നിട്ടില്ലാത്ത നല്ല പഴയ കാലത്താണെങ്കിൽപ്പോലും ഒമ്പതുതവണ തുടർച്ചയായി വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുകയും ഇരുപത്തേഴ് വർഷം വൈസ് ചാൻസിലർ സ്ഥാനം വഹിക്കുകയും ചെയ്ത ഒരാളെ ആ കാരണംകൊണ്ടുതന്നെ, നാം ബഹുമാനിക്കേണ്ടതുണ്ട്. എന്നാൽ ഇന്ത്യയിലെ ഏറ്റവും വലിയ മൂന്നു സർവ്വകലാശാലകളിലൊന്നായിരുന്ന മദ്രാസ് സർവ്വകലാശാലയുടെ പ്രശസ്തനായ വൈസ് ചാൻസലറായി ഇരുപത്തേഴുകൊല്ലം വിരാജിച്ചു എന്നതു മാത്രമായിരുന്നില്ല 1974 ഏപ്രിൽ 15-ാം തീയതി മദ്രാസിൽ വച്ച് 86-ാം വയസ്സിൽ പ്രായത്തിന്റേയും ബഹുമതികളുടേയും പൂർത്തിയിൽ അന്തരിച്ച പത്മവിഭൂഷണൻ സർ ആർക്കോട്ട് ലക്ഷ്മണസ്വാമി മുതലിയാരുടെ ബഹുമാന്യതയ്ക്കു നിദാനം. 1942-ൽ മദ്രാസ് സർവ്വകലാശാലയുടെ വൈസ് ചാൻസലറായി തിരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പ് ആ അസുലഭ സ്ഥാനത്തിനുള്ള അർഹത ഒരു സ്ത്രീരോഗവിദഗ്ദ്ധൻ അദ്ധ്യാപകൻ, ഗ്രന്ഥകാരൻ, ഭരണകുശലൻ എന്നീ നിലകളിൽ അദ്ദേഹം നേടിക്കഴിഞ്ഞിരുന്നു. സെനറ്റിലെ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം എന്ന നിലയിൽ സർവ്വകലാശാലാകാര്യങ്ങളിൽ പത്തൊമ്പതു വർഷത്തെ പരിചയവും അപ്പോഴേക്ക് അദ്ദേഹത്തിനു കൈവന്നിരുന്നു. 1969 ൽ എൺപത്തൊന്നാം വയസ്സിൽ വൈസ് ചാൻസലർ സ്ഥാനത്തുനിന്നു വിരമിച്ചശേഷവും, ലോകാരോഗ്യ സംഘടനയോടും മറ്റും ബന്ധപ്പെട്ട് വളരെയധികം കർമ്മനിരതവും ചലനാത്മകവുമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചുവന്നത്.

ഒരു ഗവേഷണ വിദ്യാർത്ഥിയെന്ന നിലയിലും അക്കാദമിക് കൗൺസിലിലെ ഒരു പിൻ ബെഞ്ചുകാരനെന്ന നിലയിലും ഈ ലേഖകനു ഡോക്ടർ മുതലിയാരെ ആറു വർഷത്തോളം അടുത്തുനിന്നു നിരീക്ഷിക്കുവാൻ അവസരമുണ്ടായിട്ടുണ്ട്. ഏറെക്കുറെ ഒരു ഏകാധിപതിയെപ്പോലെ, അദ്ദേഹം സർവ്വകലാശാലയുടെ എല്ലാ ഘടകങ്ങളേയും സ്വന്തം ഇച്ഛയ്ക്കു കീഴ്പ്പെടുത്തി നിറുത്തിയതായി തോന്നി; അവയിലെല്ലാം അദ്ദേഹത്തിന്റെ അധൃഷ്യമായ വ്യക്തിത്വം നിറഞ്ഞുനിന്നു. വൈസ് ചാൻസലർ സ്വന്തം മുറിയിലെത്തിയാൽപ്പിന്നെ തികഞ്ഞ നിശ്ശബ്ദത-നിശ്ചലതയെന്നു പറയാം — ആയിരുന്നു ആഫീസിൽ. ലോകപ്രശസ്തരായ പല പണ്ഡിതന്മാരും — അവരിൽ ആകൃതികൊണ്ട് അദ്ദേഹത്തിൽനിന്നു വേർതിരിച്ചറിയപ്പെടാൻ അല്പം പ്രയാസമുള്ള ഇരട്ടപിറന്ന ജ്യേഷ്ഠസഹോദരനായ സർ രാമസ്വാമി മുതലിയാരും പെടും — സർവ്വകലാശാലയിൽ പ്രസംഗിക്കുമ്പോൾ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് അദ്ദേഹം ചെയ്യാറുള്ള സ്വാഗതസംഭാഷണങ്ങൾ സംയതമായ വാഗ്മിത്വത്തിന്റെ ഉദാഹരണങ്ങളായിരുന്നു. സെനറ്റ് — അക്കാദമിക് കൗൺസിൽ യോഗങ്ങളിൽ പൂർണ്ണമായ അച്ചടക്കം പാലിക്കുന്നതിലും ഹ്രസ്വമായ സമയത്തിനുള്ളിൽ ദീർഘമായ ഔദ്യോഗിക കാര്യപരിപാടി മുഴുവൻ ചർച്ചചെയ്ത് ഉദ്ദിഷ്ടമായ തീരുമാനങ്ങളെടുക്കുന്നതിലും അദ്ദേഹം അനുപമമായ വൈദഗ്ധ്യം പ്രദർശിപ്പിച്ചു. സ്വന്തം ഇഷ്ടത്തിനെതിരായി ഏതെങ്കിലും തീ

തമാനം ദീർഘമായ സേവനകാലത്ത് അദ്ദേഹത്തിൽ ചുമത്തപ്പെട്ടതായി തോന്നുന്നില്ല. ഏതു വായനക്കാരിയേയും സീററലിരുത്താൻ മേശപ്പുറത്ത് അദ്ദേഹം ചുററികകൊണ്ട് ഒന്നു കൊട്ടുക മാത്രം മതിയായിരുന്നു

വിദേശാധിപത്യത്തിൽ നിന്നു് സ്വയം ഭരണത്തിലേക്കു് ഇന്ത്യ മാറിക്കൊണ്ടിരുന്ന ക്രാന്തിഘട്ടത്തിൽ ദക്ഷിണേന്ത്യയുടെ ഉന്നതവിദ്യാഭ്യാസ പൈതൃകത്തെ സംരക്ഷിക്കാനും വളത്താനുമുള്ള ചുമതല വളരെ വലിയ ഒരംശംവരെ സർ ലക്ഷ്മണസ്വാമി മുതലിയാരിൽ നിക്ഷിപ്തമായി. സംശയാതീതമാംവിധം യാഥാസ്ഥിതികനായിരുന്ന മുതലിയാർ 'മെല്ലെ ധൃതിവെയ്ക്കുക' എന്ന അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ഉപാദശം ഈ ലേഖകൻ പലകുറി കേട്ടിട്ടുള്ളതാണ്. ഒട്ടും ധൃതിവെയ്ക്കാതിരിക്കുക എന്നു മാത്രമേ ഇതിന്നർത്ഥമുണ്ടായിരുന്നുള്ളു. ബാഹ്യങ്ങളായ സമ്മർദ്ദങ്ങളിൽനിന്നു് അകററി ഉന്നതവിദ്യാഭ്യാസത്തിന്റെ അന്തസ്സനിലനിത്തിയതിനു് അർഹമാംവിധം ഡോക്ടർ മുതലിയാർ സ്തുതിക്കപ്പെട്ടിട്ടുണ്ട്. അതേസമയത്തുതന്നെ ദരിദ്രമായ ഈ മഹാരാജ്യത്തിന്റെ ആവശ്യങ്ങളുമായി ഒരിക്കലും പൊരുത്തപ്പെടാത്ത വ്യയപൂർണ്ണവും പ്രവൃത്തിവിമുഖവും മൗലികപ്രതിഭ തൊട്ടുതെറിപ്പിച്ചിട്ടില്ലാത്തതുമായ. ഇന്നത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ശ്രുപാവങ്ങൾക്കു് വളരെ വലിയൊരളവിൽ അദ്ദേഹം ഉത്തരവാദിയാണെന്ന വസ്തുതയും നിഷേധിക്കാനാവില്ല രാജാജിയുടേയും ഭക്തവത്സലത്തിന്റേയും കാമരാജിന്റേയും മാത്രമല്ല ടാഗോറിന്റേയും ഗാന്ധിജിയുടേയും ജവഹർലാൽ നെഹ്റുവിന്റേയും സക്കീർഹുസൈന്റേയും സ്വാധീനത്തിൽ നിന്നു് നമ്മുടെ നാട്ടിലെ ഉന്നതവിദ്യാഭ്യാസത്തെ സംരക്ഷിച്ചതിനു് അദ്ദേഹത്തെ വേണമെങ്കിൽ നമുക്കു് പുകഴ്ത്താം

എഴെട്ടുവർഷങ്ങൾക്കുമുമ്പു് ഒരു വിമാനത്താവളത്തിൽവെച്ച് അദ്ദേഹത്തെ അവസാനമായി സന്ദർശിച്ചതു് ഈ സന്ദർഭത്തിൽ ഓമ്മവരുന്നു. പതിനഞ്ചോളം വർഷങ്ങളായി സമ്പക്ത്തിന്നവസരമില്ലാതിരുന്നിട്ടും അദ്ദേഹം എന്നെ തിരിച്ചറിയുകയും, വത്തമാനങ്ങൾ അന്വേഷിക്കുകയും ചെയ്തു ഉദ്യോഗസ്ഥനെന്ന നിലയിൽ അധൃഷ്യനെങ്കിലും വ്യക്തിയെന്ന നിലയിൽ അഭിഗമ്യനമായിരുന്നു ഡോക്ടർ മുതലിയാർ.

രാധാകൃഷ്ണൻ, ശ്രീനിവാസശാസ്ത്രി, രാമസ്വാമിഅയ്യർ, ജോൺമത്തായി മുതലായ പ്രശസ്തരായ ഇന്ത്യൻ വൈസ് ചാൻസലർമാരുടെ പരമ്പരയിൽ സേവനത്തിന്റെ ദൈർഘ്യത്താലും പ്രഭാവത്തിന്റെ ഗാഢതയാലും ഇവരിലാരുടേതിനേയുംകാൾ ഉപരിയായ ഒരു സ്ഥാനം ഡോക്ടർ മുതലിയാർ നേടിയിട്ടുണ്ട്. ●




ഭക്തിയും ലഹരിയും

പരസ്യപ്രസിദ്ധീകരണത്തിനും പ്രദർശനത്തിനും ഏററവും മുമ്പന്തിയിൽനിൽക്കുന്ന രാജ്യമാണു് അമേരിക്ക മദ്യങ്ങളുടേയും മററും പരസ്യത്തിനു് ഈ രാജ്യം ഉപയോഗിക്കുന്ന രീതികൾ വളരെയേറെ ശ്രദ്ധേയമാണ്. 'കാമ്പറിൻ' എന്ന മദ്യത്തിന്റെ പരസ്യത്തിനുവേണ്ടി അതിന്റെ നിർമ്മാതാക്കൾ അമേരിക്കയിലെ ഏററവും പ്രസിദ്ധമായതും ലക്ഷോപലക്ഷം ജനങ്ങൾ തിങ്ങിക്കൂടുന്നതുമായ ഒരു പള്ളിയുടെമുമ്പിൽ അതിഗംഭീരമായ ഒരു കാമ്പറിൻ മദ്യക്കുപ്പിതന്നെ പ്രദർശിപ്പിച്ചിരിക്കുന്നു



ന്റെ ഗവേഷണ വിദ്യാർത്ഥിയെന്ന നിലയിലും അക്കാദമിക് കൗൺസിലിലെ ഒരു ചീഫ് ബൈത്യകാരനെന്ന നിലയിലും ഈ ലേഖകന് ഡോക്ടർ മുതലിയാരെ ആറുവർഷത്തോളം അടുത്തു നിന്ന് നിരീക്ഷിക്കുവാൻ അവസരമുണ്ടായിട്ടുണ്ട്.